(ഐ)&(ജെ) എല്ലാ സംസ്ഥാനങ്ങളും മുഖ്യമന്ത്രിമാരുടെയും സംസ്ഥാന മന്ത്രിമാരുടേയും സമ്മേളനത്തിലെടുത്ത തീരുമാനം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാണ്. അതനുസരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിനീയമല്ല.

5 (315) വിലപ്നനികുതി ഏകീകരണം വഴി സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി ഏകീകരണം വഴി സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുവഴി എത്രകോടി രൂപയുടെ അധിക വരുമാനം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു;

(സി) നികുതി ഏകീകരണം മൂലം സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടോ;

(ഡി) ഏതെല്ലാം സാധനങ്ങൾക്ക് എത്ര വീതം ശതമാനം നികുതി പ്രസ്തുത തീരുമാനം മൂലം കൂടുകയും കുറയുകയും ചെയ്യും എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നേട്ടങ്ങളെക്കുറിച്ച് വിലയിരുത്താൻ സമയമായിട്ടില്ല.

(ബി)&(സി)) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

6 (316) പൊതുമേഖലാ ബാങ്കുകളിൽ നിന്നും ലഭിച്ച വായ്പകൾ

ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ വർഷവും 1999-2000 ൽ ഇതുവരെയും എന്തു തുക സംസ്ഥാനത്തിനുള്ളിൽ വായ്പ നൽകിയിട്ടുണ്ട്;

(ബി) സ്വയം തൊഴിൽ കണ്ടെത്തൽ, കൃഷി, വാണിജ്യം, വ്യവസായം എന്നീ മേഖലകളിലും പി.എം.ആർ.വൈ, ജെ.ആർ.വൈ എന്നീ പദ്ധതിപ്രകാരവും മുകളിൽ പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ എന്തു തുകവീതം വായ്പ നൽകിയിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽ പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തെ നിക്ഷേപ വായ്പ അനുപാതം എത്ര വീതമായിരുന്നു;

(ഡി) സംസ്ഥാനത്തെ നിക്ഷേപ വായ്പ അനുപാതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കുമോ; ഈ നടപടികളുടെ ഫലമായി സംസ്ഥാനത്ത് നിക്ഷേപ വായ്പാ അനുപാതം എത്രമാത്രം വർദ്ധിച്ചു?

ഉത്തരം

(എ) ഓരോ വർഷവും നൽകിയ വായ്പയുടെ കണക്കുകൾ ലഭ്യമല്ല. ബാങ്കുകൾ കണക്കുകൾ സൂക്ഷിക്കുന്നത് ഒരു നിശ്ചിത ദിവസത്തെ ആസ്പദമാക്കി, ആ ദിവസം വരെയുള്ള വായ്പയുടെ (പിൻവലിക്കൽ കുറച്ചതിനും ശേഷമുള്ളവ) കണക്കുകളാണ്. ഇതനുസരിച്ച് 1996 മാർച്ച് മുതൽ 1999 സെപ്റ്റംബർ വരെ പൊതുമേഖലാ ബാങ്കുകൾ സംസ്ഥാനത്ത് നൽകിയ വായ്പയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	രൂപ (കോടിയിൽ)
1996 മാർച്ച്	6377.30
1997 മാർച്ച്	7306.33
1998 മാർച്ച്	8731.97
1999 മാർച്ച്	9365.51
1999 സെപ്റ്റംബർ	9981.38

(ബി) ഉത്തരം അനുബന്ധമായി നൽകിയിരിക്കുന്നു. †

(സി) വർഷം	വായ്പാനിക്ഷേപ അനുപതം
1996 മാർച്ച്	44.42
1997 മാർച്ച്	45.24
1998 മാർച്ച്	44.88
1999 മാർച്ച്	43.06
1999 സെപ്റ്റംബർ	40.42

(ഡി) സംസ്ഥാനത്തെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അനുബന്ധമായി നൽകിയിരിക്കുന്നു.†

വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടെങ്കിലും മൊത്തം വായ്പാ നിക്ഷേപ അനുപാതത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

7 (317) പെൻഷൻ വിതരണം

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പെൻഷൻകാർക്ക് അതാതുമാസത്തെ പെൻഷൻ എപ്പോഴാണ് നൽകുന്നത്;

---

† അനുബന്ധം II എ

† അനുബന്ധം II ബി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം 17 (177) കാണുക]

മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിന് മരുന്നുതളി പദ്ധതിയ്ക്ക് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കീടബാധയേറ്റ തെങ്ങുകളിലെ മച്ചിങ്ങകളിൽ മരുന്നുതളിയ്ക്കുന്നതിന് കൃഷി വകുപ്പ് തെങ്ങൊന്നിന് 6 രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ 3 രൂപയും നൽകുന്നതാണ്. കൃഷിവകുപ്പ് 19.61 കോടി രൂപ ജില്ലകൾക്ക് നൽകിക്കഴിഞ്ഞു. മരുന്നുതളി ഊർജ്ജിതമായി നടന്നുവരുന്നു. ഉദ്ദേശം 36.06% മണ്ഡരിബാധിത തെങ്ങുകളിൽ മരുന്നുതളി പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം, പാലക്കാട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ മണ്ഡരിബാധ കൂടുതലായി കാണുന്നു.

മണ്ഡരി കീടബാധയെപ്പറ്റി പഠിക്കുന്നതിന് കേന്ദ്ര പഠന സംഘം സംസ്ഥാനത്ത് പര്യടനം നടത്തുകയുണ്ടായി. വിശദമായ വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും സി.ഡി.ബി പദ്ധതിയിൽ കഴിഞ്ഞ വർഷം നൽകിയ 96 ലക്ഷം രൂപയുടെ റിവാലിഡേഷൻ കിട്ടിയിട്ടുണ്ട്.

കേന്ദ്രപഠന സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക യൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

അനുബന്ധം II എ

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6 (316) കാണുക]

(വായ്പാ രൂപ കോടിയിൽ)

വർഷം	കൃഷി	വ്യവസായം	പി.എം.ആർ.വൈ
1995-96	1051.00	527.00	72.41
1996-97	1281.00	846.00	85.24
1997-98	1534.00	808.00	79.48
1998-99	1927.00	913.00	91.93
1999-2000	1034.00	528.00	51.19
(1999 സെപ്തംബർ വരെ)			(ഡിസംബർ മാസംവരെ)

കുറിപ്പ്:

(1) വാണിജ്യ മേഖലയ്ക്ക് നൽകിയ വായ്പയുടെ കണക്ക് ലഭ്യമല്ല.

(2) ജെ. ആർ.വൈ. പദ്ധതിയ്ക്ക് ബാങ്ക് വായ്പ ലഭ്യമാകാറില്ല.

അനുബന്ധം II ബി

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6 (316) കാണുക]

കേരളത്തിലെ ദേശസാത്കൃത ബാങ്കുകളുടെ ക്രെഡിറ്റ് ഡപ്പോസിറ്റ് റേഷ്യോ താഴ്ന്നു വരുന്ന സാഹചര്യത്തിൽ, അതിനെ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പല നടപടികളും ഗവണ്മെന്റും സംസ്ഥാന ആസൂത്രണ ബോർഡും ചെയ്തു വരുന്നുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുമ്പോൾ ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വർദ്ധിപ്പിക്കേണ്ടുന്നതിന്റെ ആവ ശ്യകതയെക്കുറിച്ച് ബാങ്കുകളെ ബോദ്ധ്യപ്പെടുത്താറുണ്ട്. സംസ്ഥാന ആസൂ ത്രണ ബോർഡ് വൈസ് ചെയർമാൻ റിസർവ് ബാങ്ക് ഗവർണറുടെ ശ്രദ്ധയിലും ഇക്കാര്യം കൊണ്ടു വന്ന് സത്വരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടു ണ്ട്. കേരളത്തിലെ ബാങ്കുകളുടെ വായ്പാനിക്ഷേപാനുപാതം താഴ്ന്ന് വരുന്ന സാഹചര്യത്തിൽ അവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഡി.ഡി. ആവാരി ചെയർമാനായി റിസർവ്വ് ബാങ്ക് ഒരു കമ്മിറ്റിയെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത കമ്മിറ്റി 2000-01ൽ കേരളത്തിലെ മൊത്തം ബാങ്കുകളുടെ ക്രെഡിറ്റ് ഡപ്പോസിറ്റ് റേഷ്യോ 60 ശതമാനമായിരിക്കണമെങ്കിൽ ഓരോ വർഷവും ഓരോ ബാങ്കും കൈവരിയ്ക്കേണ്ട ക്രെഡിറ്റ് ഡെപ്പോസിറ്റ റേഷ്യോ എന്തായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനതലബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുമ്പോൾ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ബാങ്കിന്റെയും ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ നിലവാരം വിലയിരുത്തി വരുന്നു. ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 10.12.1998-ലും 17.7.1999-ലും ധനമന്ത്രിയും 30.7.1999-ൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേരളത്തിലെ പ്രധാന ബാങ്കുകളുമായി ചർച്ച നടത്തുകയുണ്ടായി. 28.12.1999-ൽ, വികസനപ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ വകുപ്പുകളും ബാങ്കുകളും നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനുവേണ്ടി മന്ത്രിമാരെയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥന്മാരെയും ബാങ്ക് പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചു. ബഹു. മുഖ്യമന്ത്രിയാണ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ. ഇതിനെല്ലാം ഉപരിയായി, ജനകീയാസൂത്രണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ബാങ്കുകളുമായി ചർച്ച ചെയ്ത് ബാങ്ക് വായ്പ ലഭ്യമാകത്തക്കതരത്തിൽ പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ബാങ്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി സമ്പർക്കം പുലർത്തി അവയുടെ പദ്ധതി രൂപീകരണത്തിന് സഹായിക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

അനുബന്ധം III

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 48 (361)ന്റെ ഉത്തരത്തിലെ അനുബന്ധം എ കാണുക]

എഫ്. 1.	സൂപ്പർസ്റ്റാർ ഡിസ്റ്റിലറി ആന്റ് ഫുഡ്സ്, പാമ്പാടി	സി. ബാലകൃഷ്ണൻ
2.	കെയ്സി ഡിസ്റ്റിലറി, തൃശൂർ	കെ.സി. പ്രേമൻ
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ	വൈ. ജോർജ്
4.	പോൾസൺ ഡിസ്റ്റിലറി, ചാലക്കുടി	പോൾ, പെരിഞ്ഞേരി
5.	ചിക്കോപ്സ് ഡിസ്റ്റിലറി, ചിറ്റൂർ	സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.
6.	ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, തിരുവല്ല	പൊതുമേഖലയിൽ പ്രവർത്തിക്കുന്നു.
7.	കാസനോവ ഡിസ്റ്റിലറി, കോട്ടയം	മെസെസ്, കാസനോവ ഡിസ്റ്റിലറി, കോട്ടയം
8.	മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല	മെസേഴ്സ് മാക്ഡവൽ ഡിസ്റ്റിലറി, ചേർത്തല
9.	യുണൈറ്റഡ് ഡിസ്റ്റിലറി, വെങ്ങാലിപ്പാറ, കോഴിക്കോട്	എം.പി. ബാലൻ
10.	മെസേഴ്സ് യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡ്, ചേർത്തല	മെസേഴ്സ് യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡ്, ചേർത്തല
11.	മെസേഴ്സ് യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡ് കഞ്ഞിക്കോട്, പാലക്കാട്,	മെസേഴ്സ് യുണൈറ്റഡ് ബ്രൂവറീസ് ലിമിറ്റഡ്, പാലക്കാട്, കഞ്ഞിക്കോട്

LIBRARY ARCHIVES Kerala Legislative Assembly